"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കൊച്ചി കോർപ്പറേഷനിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന- ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്കനടപടി - അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

സ.ഉ.(സാധാ) നം.1115/2025/LSGD തീയതി,തിരുവനന്തപുരം, 05-05-2025

---

പരാമർശം:-

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 08.10.2015 തീയതിയിലെ ഇ7(എസ്.സി 155/14/ഇ.കെ.എം)36472/2015നം. കത്ത്
2. സർക്കാരിന്റെ 04.03.2021തീയതിയിലെ ഇയു2-84/2016/തസ്വഭവ- നമ്പർ കാരണംകാണിക്കൽ നോട്ടീസ്.
3. പ്രിൻസിപ്പൽഡയറക്ടറുടെ 11.08.2023തീയതിയിലെ LSGD/PD/8486/2023-VIGC2 നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി കോർപ്പറേഷനിലെ മാലിന്യ നിർമ്മാർജനത്തിനായി ടിപ്പർ ലോറികൾ ഓടിക്കുന്നതിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാമർശം 1 പ്രകാരമുള്ള വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ടി നഗരസഭയിലെ ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുവരും, യഥാക്രമം 31.05.2014, 30.04.2017, 29.02.2016 തീയതികളിൽ വിരമിച്ചിരുന്നവരുമായ ശ്രീ.പി.പി.അലോഷ്യസ്, ശ്രീമതി.ബീന ടി.കെ, ശ്രീ.രാജേന്ദ്രൻ നായർ കെ.ടി എന്നിവർക്കെതിരേ KSR പാർട്ട് 3 ചട്ടം 59(d) പ്രകാരം നടപടി സ്വീകരിക്കുകയും, ടിയാളുകളുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപാവീതം സ്ഥിരമായി കുറവു വരുത്തുന്നതിനായി താൽക്കാലിക തീരുമാനമെടുത്ത് പരാമർശം 2 പ്രകാരം കാരണംകാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ആയതിന് ടിയാളുകൾ പ്രതിവാദപത്രിക സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം ടിയാളുകൾ സമർപ്പിച്ച പ്രതിവാദപത്രികപ്രകാരം വിശദമായി പരിശോധിച്ചതിൽ ക്രമക്കേടുകളിൽ മേൽ ജീവനക്കാരുടെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുള്ളതായി കണ്ടെത്തുകയുണ്ടായി. ആയതിനാൽ മേൽ വിഷയത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന് തീരുമാനിച്ചു.

3. ഈ സാഹചര്യത്തിൽ കൊച്ചി കോർപ്പറേഷനിലെ ഉദ്യോഗസ്ഥരായിരുന്ന ശ്രീ.പി.പി.അലോഷ്യസ്, ശ്രീമതി.ബീന ടി.കെ, ശ്രീ.രാജേന്ദ്രൻ നായർ കെ.ടി

എന്നിവർക്കെതിരേ വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകളിൽ വിശദമായ അന്വേഷണം നടത്തി 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 05-05-2025 14:14:06

സെക്ഷൻ ഓഫീസർ